നം. ക്യൂ.ഐ.പി. 24001/2010/ഡി.പി.ഐ. വിദ്യാഭ്യാസ ഡയറക്റ്ററുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 25.01.2012.

## സർക്കുലർ

വിഷയം - പൊതുവിദ്യാഭ്യാസം - തുടർമൂല്യനിർണ്ണയം 2011-12 ഫലപ്രഖ്യാപനം - സംബന്ധിച്ച്.

സൂചന - 1. ഗവൺമെന്റ് ഉത്തരവ് നമ്പർ ജി.ഒ.(പി)254/04/പൊ.വി.വ. തീയതി 06.08.2004.
2. ജി.ഒ.(എം.എസ്)298/04/പൊ.വി.വ. തീയതി 24.09.2004.
3. ജി.ഒ. (ആർ.ടി) നം.4817/05/പൊ.വി.വ. തീയിതി 14.01.2005.

മേൽ സൂചനകൾ പ്രകാരം ~~2009-2010~~ 2010 – 2011 അധ്യയനവർഷത്തിൽ 8, 9, 10 ക്ളാസ്സുകളിലെ തുടർമൂല്യനിർണയ പ്രവർത്തനങ്ങളുടെ ഫലപ്രഖ്യാപനം കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുകയുണ്ടായി. ഈ വർഷവും തുടർമൂല്യനിർണയ ഫലം യഥാസമയം പ്രസിദ്ധീകരിക്കേണ്ടതുണ്ട്. കൂടാതെ ഫലപ്രഖ്യാപനത്തിൽ വിദ്യാർത്ഥിക്കോ രക്ഷിതാവിനോ പാരതിയുണ്ടെങ്കിൽ അത് നീതിയുക്തമായി പരിഹരിക്കേണ്ടതുമുണ്ട്. ഇതിനായി രൂപീകരിക്കുന്ന സ്കൂൾ, വിദ്യാഭ്യാസ, റവന്യൂജില്ലാതല അപ്പീൽ സമിതികളുടെ ഘടനയിലും തുടർന്നുള്ള നടപടി ക്രമങ്ങളിലും മുൻവർഷത്തേതിൽ നിന്നും മാറ്റമൊന്നും വരുത്തിയിട്ടില്ല. അതിനാൽ വിദ്യാസ ജില്ലാ -റവന്യൂജില്ലാതല സമിതികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ യഥാക്രമം ജില്ലാ വിദ്യാഭ്യാസ ഓഫീസർമാരും വിദ്യാഭ്യാസ ഉപഡയറക്ടർമാരും ഉടൻതന്നെ കൈക്കൊള്ളേണ്ടതാണ്. മാത്രമല്ല സ്കൂൾതല അപ്പീൽ സമിതികൾ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും, തുടർമൂല്യനിർണയ ഫലപ്രഖ്യാപനവും അപ്പീലും സംബന്ധിച്ച സമയക്രമം നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശവും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉടൻതന്നെ ഹെഡ്മാസ്റ്റർമാർക്ക് നൽകേണ്ടതുമാണ്. ഹെഡ്മാസ്റ്റർ സാക്ഷ്യപ്പെടുത്തിയ ലിസ്റ്റാവണം പ്രസിദ്ധധീകരിക്കേണ്ടത്. ഫലങ്ങൾ പ്രസിദ്ധീകരിക്കുന്ന വിവരം ഔപചാരികമായി നോട്ടീസ് നൽകി എല്ലാ കുട്ടികളെയും രക്ഷിതാക്കളെയും അറിയിക്കേണ്ടതുമാണ്.

നിരന്തരമൂല്യനിർണയത്തിന്റെ ഫലങ്ങൾ പരസ്യപ്പെടുത്തിക്കഴിഞ്ഞാൽ പരാതിയുണ്ടെങ്കിൽ നിർദ്ദിഷ്ടഫോർമാറ്റിൽ പ്രഥമാധ്യാപകന് സമർപ്പിക്കാവുന്നതാണ്. താഴെപ്പറയുന്ന കാര്യങ്ങൾ ഉണ്ടായിരിക്കണം.

1. അഡ്മിഷൻ നമ്പർ.
2. കുട്ടിയുടെ പേര്
3. ക്ളാസ്
4. ഡിവിഷൻ
5. സ്കൂൾ
6. പരാതിയുടെ വിശദാംശങ്ങൾ
7. വിഷയം
8. മൂല്യനിർണയ ഇനം
9. എന്താണ് പരാതി
10. പരാതിക്ക് ആസ്പദമാ.യ കാരണം
11. വിദ്യാർത്ഥിയുടെ പേര് ഒപ്പ്
12. രക്ഷിതാവിന്റെ പേര് ഒപ്പ്

സ്ഥലം തീയതി

സ്കൂൾതല അപ്പീൽ കമ്മിറ്റിയുടെ തീരുമാനം തൃപ്തികരമല്ലെങ്കിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി നൽകാവുന്നതാണ്. 8, 9 ക്ളാസ്സുകളിലെ അപ്പീലുകൾ വിദ്യാഭ്യാസ ജില്ലാതലത്തിൽ തന്നെ തീർപ്പാക്കേണ്ടതാണ്. തുടർമൂല്യനിർണയ ഫലപ്രഖ്യാപനത്തിൽ വിദ്യാഭ്യാസ ജില്ലാതലത്തിൽ എടുത്ത തീർപ്പിന്മേൽ പത്താം ക്ലാസ്സിലെ കുട്ടികൾക്കോ രക്ഷിതാക്കൾക്കോ പരാതിയുണ്ടെങ്കിൽ അവ വിദ്യാഭ്യാസ ഉപഡയറക്ടറുടെ നേതൃത്വത്തിലുള്ള അപ്പീൽ കമ്മറ്റിയ്ക്ക് സമർപ്പിക്കേണ്ടതാണ്. അപ്പീൽ കമ്മിറ്റികളുടെ തീരുമാനങ്ങൾ സമയബന്ധിതമായി പരാതിക്കാരനെയും, ബന്ധപ്പെട്ട ഹെഡ്മാസ്റ്ററെയും രേഖാമൂലം അറിയിക്കേണ്ടതുമാണ്. അപ്പീൽ കമ്മിറ്റികൾ 29.01.2012-ന് മുൻപുതന്നെ ബന്ധപ്പെട്ടവർ രൂപീകരിക്കേണ്ടതാണ്.

2011-12 അധ്യയനവർഷത്തിൽ തുടർമൂല്യനിർണയ ഫലപ്രഖ്യാപനത്തിനും തുടർനടപടികൾക്കുമുള്ള സമക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രവർത്തന ക്രമം | STD X | STD IX & VIII |
|---|---|---|---|
| 1 | ഫലപ്രഖ്യാപനം | 30.01.2012 | 16.02.2011 |
| 2 | സ്കൂൾതല അപ്പീൽ കമ്മറ്റിയ്ക്ക് പരാതി സമർപ്പിക്കാനുള്ള അവസാന തീയതി | 3.2.2012 | 18.2.2012 |
| 3 | സ്കൂൾതല അപ്പീൽകമ്മിറ്റി പരാതി തീർപ്പാക്കുന്നതിനുള്ള അവസാന തീയതി | 8.2.2012 | 24.02.2012 |
| 4 | സ്കൂളുകൾ മാർക്ക് പരീക്ഷാഭവനിലേക്ക് അപ്‌ലോഡ് ചെയ്യുന്നു. | 9.02.2012 | |
| 5 | വിദ്യാഭ്യാസ ജില്ലാതല അപ്പീൽ കമ്മിറ്റിയ്ക്ക് പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 15.02.2012 | 05.03.2012 |
| 6 | വിദ്യാഭ്യാസ ജില്ലാതല അപ്പീൽ കമ്മറ്റി പരാതി തീർൽപ്പാക്കുന്നതിനുള്ള അവസാന തീയതി | 21.02.2012 | 08.03.2012 |
| 7 | റവന്യൂജില്ലാതല അപ്പീൽ കമ്മിറ്റിയ്ക്ക് പരാതി സമർപ്പിക്കുന്നതിനുള്ള അവസാന തീയതി | 24.02.2012 | |
| 8 | റവന്യൂജില്ലാതല അപ്പീൽകമ്മറ്റി പരാതി തീർപ്പാക്കുന്നതിനുള്ള അവസാന തീയതി | 27.02.2012 | |

വിവിധതലങ്ങളിൽ പരാതി സമർപ്പിക്കേണ്ട സമയക്രമവും ഫോർമാറ്റും സ്കൂൾ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.

ലഭിക്കുന്ന അപ്പീലിന്മേൽ തീരുമാനമെടുത്തു കഴിഞ്ഞാൽ തീർപ്പാക്കൽ സംബന്ധിച്ച വിശദവിവരങ്ങൾ അതത് ഓഫീസുകളിൽ നിന്നും ഡെപ്യൂട്ടി ഡയറക്ടർമാർക്ക് നൽകേണ്ടതാണ്.

**സ്കൂൾതലം**

| സ്റ്റാൻഡേർഡ് | ലഭിച്ച അപ്പീലുകളുടെ എണ്ണം | അനുവദിച്ചവയുടെ എണ്ണം | നിരാകരിച്ചവയുടെ എണ്ണം |
|---|---|---|---|
| VIII | | | |
| IX | | | |
| X | | | |

**വിദ്യാഭ്യാസ ജില്ലാതലം**

| സ്റ്റാൻഡേർഡ് | ലഭിച്ച അപ്പീലുകളുടെ എണ്ണം | അനുവദിച്ചവയുടെ എണ്ണം | നിരാകിരിച്ചവയുടെ എണ്ണം |
|---|---|---|---|
| VIII | | | |
| IX | | | |
| X | | | |

**റവന്യൂജില്ലാതലം**

| പത്താംക്ലാസിൽ ലഭിച്ച അപ്പീലുകളുടെ എണ്ണം | അനുവദിച്ചവയുടെ എണ്ണം | നിരാകരിച്ചവയുടെ എണ്ണം |
|---|---|---|
| | | |

അപ്പീലിന്മേൽ ഓരോ തലത്തിലുമുള്ള തീർപ്പാക്കൽ സംബന്ധിച്ച വിവരങ്ങൾ ഡെപ്യൂട്ടി ഡയറക്ടർമാർ മേൽകൊടുത്തിരിക്കുന്ന ഫോർമാറ്റിൽ ശ്രീമതി. മേജോബ്രൈറ്റ് ഡി.ഡി.ഇ. ക്യൂ.ഐ.പി., വിദ്യാഭ്യാസ ഡയറക്ടറാഫീസ്, തിരുവനന്തപുരം എന്ന വിലാസത്തിൽ 29/02/2012-ന് മുൻപ് ലഭിക്കത്തവിധം അയച്ചുതരേണ്ടതാണ്.

**വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും